2003-2004-ൽ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച പദ്ധതികൾ

126 [129] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച പദ്ധതികൾ സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കാനാവാത്തത് ഈ സാമ്പത്തിക വർഷം ചെയ്യുന്നതിനായി സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം പണികൾ തീർക്കുന്നതിന് പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള പഞ്ചവൽസര പദ്ധതിപ്രകാരം ശേഷിക്കുന്ന വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ 31-3-2004-ലെ ജി.ഒ. (എം.എസ്) 40/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നടപടി ക്രമങ്ങൾ പാലിച്ച് 2004-2005 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ മാത്രമേ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. എന്നാൽ 2003-2004 വാർഷിക പദ്ധതിയിലെ സ്പിൽ ഓവർ പ്രോജക്ടുകൾ കണ്ടെത്തി 2004-2005-ലെ പദ്ധതിവിഹിതം വിനിയോഗിച്ച് അവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 4308/എ1/2004/പ്ലാനിംഗ് തീയതി 2-4-2004 എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ തുടരുന്നതിന് അതതു തദ്ദേശഭരണ സ്ഥാപനം ഒരു പ്രമേയം പാസ്സാക്കേണ്ടതാണ്. ഏതെങ്കിലും സ്പിൽ ഓവർ പ്രോജക്ട് ഒഴിവാക്കുന്നതിനോ അതിന്റെ നിർമ്മാണം പാഴ്ച്ചെലവു വരാത്ത രീതിയിൽ നിർത്തിവയ്ക്കുന്നതിനോ തദ്ദേശഭരണ സ്ഥാപനത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് നടത്താൻ തീരുമാനിക്കുന്ന എല്ലാ പ്രോജക്ടുകളും അവ പൂർത്തിയാക്കാനാവശ്യമായ പദ്ധതി വിഹിതത്തിന്റെ വിവരങ്ങൾ സഹിതം 2004-2005 വാർഷിക പദ്ധതി പ്രോജക്ടുകളോടൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) പദ്ധതികളുടെ പൂർത്തീകരണത്തിനായി പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly